REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 03-12-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു നാവിക സേന ദിനാഘോഷങ്ങളിൽ പങ്കെടുക്കാൻ ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്തെത്തും.
- റിസർവ് ബാങ്കിന്റെ മൂന്ന് ദിവസത്തെ ധനനയ സമിതി യോഗം ഇന്ന് മുതൽ.
- സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ പരസ്യ പ്രചാരണത്തിന് ഇനി അഞ്ചു നാൾ മാത്രം.
- ഇന്നലെ വൈകിട്ട് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 47 ലക്ഷം കവിഞ്ഞതായി സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.
- ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഉച്ചയ്ക്ക് റായ്പൂരിൽ.

## വാർത്തകൾ വിശദമായി

**രാഷ്ട്രപതി ദ്രൗപതി മുർമു നാവിക ദിനാഘോഷത്തിൽ പങ്കെടുക്കാൻ ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്തെത്തും. വൈകിട്ട് ശംഖുമുഖത്തെ നാവികസേനയുടെ അഭ്യാസ പ്രകടനങ്ങളിൽ രാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും.**

**ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി....**

**....(വോയ്സ്)...........**

✪✪✪

നാവിക ദിനാഘോഷത്തോടനുബന്ധിച്ച് ഉച്ചയ്ക്ക് 12 മുതൽ തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. നാവിക ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് ശംഖുമുഖം, വെട്ടുകാട് ഭാഗത്തേക്ക്, പാസ് നൽകിയ വാഹനങ്ങൾക്ക് മാത്രമേ പ്രവേശനമുണ്ടാകൂ എന്ന് സിറ്റി ട്രാഫിക് പൊലീസ് അറിയിച്ചു.

✪✪✪

റിസർവ് ബാങ്കിന്റെ മൂന്ന് ദിവസത്തെ ധന നയ സമിതി യോഗം ഇന്ന് ആരംഭിക്കും. ദ്വൈമാസ സാമ്പത്തിക നയത്തിലെ പലിശ നിരക്ക് തീരുമാനിക്കാനും, നയം അവലോകനം ചെയ്യാനുമാണ് മുംബൈയിൽ യോഗം ചേരുന്നത്. പുതിയ നിരക്ക് RBI ഗവർണർ സഞ്ജയ് മൽഹോത്ര മറ്റന്നാൾ പ്രഖ്യാപിക്കും.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ പരസ്യ പ്രചാരണത്തിന് ഇനി അഞ്ചു നാൾ മാത്രം. തിരുവനന്തപുരം മുതൽ എറണാകുളം വരെ ഏഴ് ജില്ലകളിൽ ഞായറാഴ്ച വൈകിട്ട് പരസ്യപ്രചാരണം അവസാനിക്കും.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വോട്ടർമാരും സ്ഥാനാർത്ഥികളും തദ്ദേശ സ്ഥാപനങ്ങളും മലപ്പുറം ജില്ലയിലാണ്. രണ്ടാം ഘട്ടത്തിൽ ഈ മാസം പതിനൊന്നിനാണ് തിരഞ്ഞെടുപ്പ്.

M സുരേഷ് ബാബുവിന്റെ റിപ്പോർട്ട്.....

....(വോയ്സ്).....

✪✪✪

കണ്ണൂർ ജില്ലയിൽ മട്ടന്നൂർ നഗരസഭ ഒഴികെ തദ്ദേശസ്ഥാപനങ്ങളിലാണ് ഈ മാസം 11 ന് തിരഞ്ഞെടുപ്പ്.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

....(വോയ്സ്)......

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിന് വോട്ടിംഗ് യന്ത്രങ്ങളിൽ സ്ഥാനാർത്ഥികളുടെ പേരും, ചിഹ്നവും, ക്രമനമ്പറും ഉൾപ്പെടുന്ന ബാലറ്റ് ലേബൽ പതിക്കുന്ന പ്രവൃത്തി ഇന്ന് ആരംഭിക്കും.  പഞ്ചായത്ത് തലത്തിൽ മൂന്ന് ബാലറ്റ് യൂണിറ്റുകളും, ഒരു കൺട്രോൾ യൂണിറ്റുമാണ് സജ്ജമാക്കുന്നത്. മുൻസിപ്പാലിറ്റി, കോർപറേഷൻ തലങ്ങളിൽ ഓരോ ബാലറ്റ് യൂണിറ്റും, കൺട്രോൾ യൂണിറ്റും ഉണ്ടായിരിക്കും.

ഗ്രാമപഞ്ചായത്തിന്റെ ബാലറ്റ് ലേബൽ വെള്ള നിറത്തിലും, ബ്ലോക്ക് പഞ്ചായത്തിന്റേത് പിങ്ക് നിറത്തിലും, ജില്ലാ പഞ്ചായത്തിന്റേത് ഇളം നില നിറത്തിലുമായിരിക്കും.

✪✪✪

രാജ്യത്തെ ക്ഷയരോഗ മരണനിരക്ക് 2015-ൽ ഒരു ലക്ഷം  പേരിൽ 28 ആയിരുന്നത് 2024-ൽ 21 ആയി കുറഞ്ഞെന്ന് കേന്ദ്ര മന്ത്രി JP നദ്ദ പറഞ്ഞു. ന്യൂഡൽഹിയിലെ പാർലമെന്റ് ഹൗസ് അനക്സ് ഓഡിറ്റോറിയത്തിൽ ക്ഷയരോഗ മുക്ത് ഭാരത് അഭിയാനിൽ പാർലമെന്റ് അംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു  JP നദ്ദ.

✪✪✪

വഖഫ് സ്വത്തുക്കളുടെ വിവരങ്ങൾ UMEED പോർട്ടലിൽ അപ്‌ലോഡ് ചെയ്യാവുന്ന  അവസാന തീയതി ഈ മാസം അഞ്ചാണെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു ആവർത്തിച്ച് വ്യക്തമാക്കി. സമയപരിധി നീട്ടണമെന്ന ആവശ്യം സുപ്രീം കോടതി നിരസിച്ചതായി അദ്ദേഹം സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രിയുടെ ഓഫീസിന്റെ പേര് സേവാതീർത്ഥ് എന്നാക്കി മാറ്റി. രാജ്ഭവനുകളുടെയും,  രാജ്നിവാസുകളുടെയും പേര് ലോക്ഭവൻ എന്നും, ലോക്നിവാസ് എന്നും മാറ്റിയ മാതൃകയിലാണ് പ്രധാനമന്ത്രി നരേന്ദ്രമോദി, ഓഫീസിന്റെ പേരും പുതുക്കിയതെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

മലയാളവും, തമിഴും, കന്നഡയുമുൾപ്പെടെ ആറു ഭാഷകളെ ഉത്തർപ്രദേശ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തിയതായി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അറിയിച്ചു. തെലുങ്ക്, മറാത്തി, ബംഗാളി ഭാഷകളെയും പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. വാരണാസിയിൽ കാശി- തമിഴ് സംഗമം 4.O

ഉദ്ഘാടന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രചോദനമുൾക്കൊണ്ടാണ് തീരുമാനമെന്നും അദ്ദേഹം വിശദീകരിച്ചു. വിദ്യാർത്ഥികൾക്ക് ഇതിലേതെങ്കിലും ഒരു ഭാഷ തിരഞ്ഞെടുത്ത് പഠിക്കാൻ ആവശ്യമായ ചെലവ് ഗവൺമെന്റ് നൽകുമെന്നും യോഗി ആദിത്യനാഥ് പറഞ്ഞു.

✪✪✪

ഇന്നലെ വൈകിട്ട് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 47 ലക്ഷം കവിഞ്ഞതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 88.74 ശതമാനമാണിത്. വോട്ടർമാരെ കണ്ടെത്താനാവാത്ത ഫോമുകളുടെ എണ്ണം 14 ലക്ഷത്തോട് അടുക്കുകയാണെന്നും അറിയിപ്പിൽ പറയുന്നു. .ഫോമുകൾ സ്വീകരിക്കാനും , അപ്‌ലോഡ് ചെയ്യാനും സജ്ജമാക്കിയ ക്യാമ്പുകൾ ഇന്നും തുടരുമെന്ന് ഡോ. കേൽക്കർ അറിയിച്ചു.

✪✪✪

ലൈംഗിക പീഡന കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ MLA യുടെ മുൻകൂർ ജാമ്യാപേക്ഷ തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതി ഇന്ന് പരിഗണിക്കും. അടച്ചിട്ട മുറിയിൽ വാദം കേൾക്കണമെന്നാണ് രാഹുലിന്റെ ആവശ്യം.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത മുൻനിർത്തി ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലാണ് ജാഗ്രത.

✪✪✪

ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഉച്ചയ്ക്ക് ഒന്നരയ്ക്ക് റായ്പൂരിൽ ആരംഭിക്കും. മൂന്നു മത്സര പരമ്പരയിൽ ആദ്യത്തേത് ജയിച്ച് ഇന്ത്യ മുന്നിട്ടു നിൽക്കുകയാണ്.

✪✪✪

മധുരയിൽ FIH പുരുഷ ജൂനിയർ ഹോക്കി ലോകകപ്പിൽ സ്വിറ്റ്സർലൻഡിനെ പരാജയപ്പെടുത്തി ഇന്ത്യ ക്വാർട്ടർ ഫൈനൽ യോഗ്യത നേടി.

ചിലിയിൽ വനിതാ ജൂനിയർ വിഭാഗത്തിൽ ഇന്ത്യ, ഇന്ന് ജർമ്മനിയെ നേരിടും. നിലവിൽ പോയിന്റ് പട്ടികയിൽ ഒന്നാമതാണ് ഇന്ത്യ.

✪✪✪

ക്രിസ്മസ്- നവവത്സര കാലത്തെ അമിത വിമാന ടിക്കറ്റ് നിരക്കുകളിൽ നിന്ന് യാത്രക്കാർക്ക് ആശ്വാസം നൽകാൻ കേരളത്തിൽ നിന്ന് UAE യിലേക്ക് യാത്രാകപ്പൽ സർവീസ് ആരംഭിക്കണമെന്ന് മലബാർ ഡെലവലപ്മെന്റ് കൗൺസിൽ ആവശ്യപ്പെട്ടു. കക്ഷിരാഷ്ട്രീയത്തിനതീതമായി കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകളിൽ ഈ വിഷയത്തിൽ സമ്മർദ്ദം ചെലുത്താൻ കോഴിക്കോട്ട് ചേർന്ന യോഗം തീരുമാനിച്ചു.

✪✪✪

കണ്ണൂർ കൊട്ടിയൂർ റേഞ്ചിലെ  വനത്തിനോട് ചേർന്ന ഭാഗങ്ങളിൽ വന്യജീവി സാന്നിധ്യം പരിശോധിക്കാൻ സ്ഥാപിച്ച മൂന്ന് ക്യാമറ ട്രാപ്പുകൾ മോഷണം പോയി. വനം വകുപ്പ്  പൊലീസിൽ പരാതി നൽകിയിട്ടുണ്ടെന്ന് DFO  അറിയിച്ചു.

✪✪✪

ഇന്ത്യയിൽ 811 രോഗികൾക്ക് ഒരു ഡോക്ടർ എന്ന  അനുപാതമുണ്ടെന്ന് കേന്ദ്ര ആരോഗ്യ സഹമന്ത്രി പ്രതാപ് റാവു ജാദവ് രാജ്യസഭയെ അറിയിച്ചു. അലോപ്പതി - ആയുഷ് ഡോക്ടർമാരുടെ ലഭ്യത കണക്കിലെടുത്താണ് അനുപാതം. ലോകാരോഗ്യ സംഘടന ആയിരം രോഗികൾക്ക് ഒരു ഡോക്ടർ എന്ന അനുപാതമാണ് ശുപാർശ ചെയ്യുന്നതെന്ന് രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ ജാദവ് അറിയിച്ചു. രാജ്യത്ത് രജിസ്റ്റർ ചെയ്ത 13 ലക്ഷത്തി 86,000 ത്തിലേറെ അലോപ്പതി ഡോക്ടർമാരും, ഏഴ് ലക്ഷത്തി 51,000 ത്തിലേറെ ആയുഷ് ഡോക്ടർമാരുമുണ്ടെന്നും കേന്ദ്രസഹമന്ത്രി വെളിപ്പെടുത്തി.

✪✪✪

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കഴിഞ്ഞ 25 വർഷത്തെ നടപടികൾ അന്വേഷണ വിധേയമാക്കണമെന്ന് BDJS സംസ്ഥാന കൺവീനർ തുഷാർ വെള്ളാപ്പള്ളി ആവശ്യപ്പെട്ടു. ആവശ്യമെങ്കിൽ

തന്ത്രി ഉൾപ്പെടെ എല്ലാവരെയും ചോദ്യം ചെയ്യണമെന്നും അന്വേഷണത്തിൽ കേന്ദ്ര ഏജൻസി കൂടി ഉള്ളതായിരിക്കും നല്ലതെന്നും അദ്ദേഹം പത്തനംതിട്ടയിൽ പറഞ്ഞു.

✪✪✪

ഇന്ന് ലോക ഭിന്നശേഷി ദിനം. ഭിന്നശേഷിക്കാർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനും, അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും, ഭിന്നശേഷിക്കാർക്കെതിരായ വിവേചനവും, അസമത്വവും അവസാനിപ്പിക്കാനുമാണ് ദിനാചരണം.

✪✪✪

തെരുവുനായ ശല്യവുമായി ബന്ധപ്പെട്ട പരാതി പരിഹരിക്കാൻ സംസ്ഥാനതല കൺട്രോൾ റൂം തിരുവനന്തപുരത്ത് പ്രവർത്തനമാരംഭിച്ചതായി തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. 0471 2773100 എന്ന ടോൾ ഫ്രീ നമ്പറിൽ രാവിലെ പത്തു മുതൽ വൈകിട്ട് അഞ്ചു വരെ പരാതികൾ സ്വീകരിക്കും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader:അനിൽ ചന്ദ്രൻ*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*